പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *704** **14.07.2014 ലെ മറുപടിയ്ക്ക്**

**പച്ചക്കറി വില വർദ്ധനവ്**

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. കെ. നാരായണൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് ഇപ്പോൾ സംഭവിക്കുന്ന മഴയുടെ കുറവ് കാർഷിക രംഗത്തെ എങ്ങനെ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | **(എ)** ഉണ്ട്. സംസ്ഥാനത്ത് ഇപ്പോൾ സംഭവിക്കുന്ന മഴയുടെ കുറവ് കാർഷിക രംഗത്തെ ഗണ്യമായ അളവിൽ ബാധിച്ചിട്ടുണ്ട്. വിളകളുടെ വിസ്തൃതിയിലും ഉത്പാദനക്ഷമതയിലും തദ്വാരാ മൊത്തം ഉത്പാദനത്തിലും കുറവുണ്ടാകുമെന്ന് കണക്കാക്കുന്നു. |
| **(ബി)** ഏതെല്ലാം വിളകളെയാണ് മഴയുടെ കുറവ് ബാധിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | **(ബി)** സംസ്ഥാനത്ത് ലഭിച്ച മഴയുടെ കുറവ് പ്രധാനവിളകളായ നെല്ല്, തെങ്ങ്, വാഴ, കുരുമുളക്, പച്ചക്കറി, ഏലം, ജാതി, ഗ്രാമ്പു എന്നിവയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ശീതകാല പച്ചക്കറി കൃഷിയേയും വരൾച്ച പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| **(സി)** പ്രസ്തുത സാഹചര്യം പരിഗണിച്ച് വരുന്ന ഓണക്കാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ളവയുടെ വില വർദ്ധിക്കുമെന്ന ആശങ്ക പരിശോധിക്കുമോ? | **(സി)** പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യങ്ങളിൽ, ഹോർട്ടികോർപ്പ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നീ സ്ഥാപനങ്ങൾ വിപണിയിൽ ഇടപെടൽ നടത്താറുണ്ട്. ഓണം സീസണിൽ പച്ചക്കറികളുടെ വില വർദ്ധനവിനെത്തുടർന്ന് വിപണി വില നിയന്ത്രിക്കുന്നതിനായി ഓണം ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ